പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .205

05.03.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>,, വി. ശിവൻകുട്ടി<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന സംഭവത്തിൽ നിയമാനുസൃതമായ നടപടികൾ പൂർണ്ണമായിട്ടുണ്ടോ; നടപടികൾ വൈകാൻ ഇടയായ സാഹചര്യം എന്തായിരുന്നു; | (ബി) | നിയമ നടപടികൾ അടിയന്തിര പരിഗണന നൽകി നടത്തിവരുന്നു. നടപടികൾ വൈകിയിട്ടില്ല. |
| (സി) | സംഭവത്തിൽ എത്രപേർക്കെതിരെ ഏതെല്ലാം നിയമവകുപ്പുകൾ അനുസരിച്ച് ഇതിനകം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (സി) | 2 പേർക്കെതിരെ Section 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | വെടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | വെടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം അടിയന്തിര ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഇ) | മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ ജീവന് സംരക്ഷണം നൽകാനുള്ള സംവിധാനങ്ങൾ വിശദമാക്കുമോ? | (ഇ) | മത്സ്യബന്ധനത്തിന് പോകുന്ന 7262 മത്സ്യബന്ധനയാന ഉടമകൾക്ക് (യന്ത്രവൽകൃത വള്ളങ്ങൾക്ക്) ലൈഫ് ബോയ്, റഡാർ റിഫ്ളക്ടർ, കോമ്പസ്, ഹീലിയോഗ്രാഫ്, റേഡിയോ ബീക്കൺ, ഫിഷിംഗ്-കം-എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയിഡ് കിറ്റ്, വിറ്റാമിൻ ബിസ്കറ്റ്, ജാക്ക് നൈഫ്, കന്നാസ് എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെട്ട കടൽ സുരക്ഷാ കിറ്റുകൾ, സുനാമി അടിയന്തിര സഹായ പദ്ധതി/ |

| | | | |
|---|---|---|---|
| | | | സുനാമി പുനരധിവാസ പദ്ധതി/പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നീ പദ്ധതികൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകൾക്ക് സുരക്ഷാ കിറ്റ് വിതരണം ചെയ്യുന്നതിനായി 1380.73 ലക്ഷം രൂപയുടെ ഒരു പദ്ധതി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി.) തയ്യാറാക്കി കേന്ദ്ര സർക്കാറിന് സമർപ്പിക്കുകയും 911.12 ലക്ഷം രൂപയുടെ അംഗീകാരം അതിന് ലഭിക്കുകയുമുണ്ടായി. പദ്ധതി ഘടകങ്ങളുടെ മാറ്റത്തിനായി റിവൈസ്ഡ് പ്രൊപ്പോസൽ കേന്ദ്രത്തിന് നൽകാൻ സമർപ്പിച്ചിട്ടുള്ളത് പരിശോധനയിലാണ്. മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെയും യാനങ്ങളെയും രക്ഷപ്പെടുത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടെ രക്ഷാപ്രവർത്തനം ആവശ്യമുള്ള സമയങ്ങളിൽ നടത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ പട്രോൾ ബോട്ടുകൾ ഉപയോഗപ്പെടുത്തുന്നു. കൂടാതെ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ